110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ, 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (1 KW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. പുനരുദ്ധാരണ നവീകരണത്തിനുശേഷം മൂഴിയാർ പദ്ധതിയിൽ നിന്നും 5 മെഗാവാട്ടിന്റെ പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽനിന്നും 4 മെഗാവാട്ടും വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കാവാലം കെ.എസ്.ഇ.ബി. സബ് ഓഫീസ്

14 (359) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം കെ.എസ്.ഇ.ബി. സബ് ഓഫീസ് നിലനിർത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കാവാലം പ്രദേശത്ത് നിലവിലുള്ള കെ.എസ്.ഇ.ബി.-യുടെ സബ് എഞ്ചിനീയർ ഓഫീസ് അവിടെത്തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൗരഗൃഹ പദ്ധതി

15 (360) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 ബഡ്ജറ്റിൽ വിഭാവനം ചെയ്ത സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നാളിതുവരെയായി എത്ര വീടുകൾക്കാണ് പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളത് ; ഏതെല്ലാം ഏജൻസികളെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഏൽപിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഇതുവഴി എത്ര മെഗാവാട്ടിന്റെ വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചുവെന്ന് ഓരോ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly